©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
# (FOOD, CIVIL SUPPLIES AND CO-OPERATION)

## പീരിയോഡിക്കൽ റിപ്പോർട്ട്
## (2021 മാർച്ച് 31 വരെയുള്ളത്)
## (PERIODICAL REPORT AS ON 31ST MARCH, 2021)

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത് ]**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്**
**(Presented on 26th July, 2021)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

# (FOOD, CIVIL SUPPLIES AND CO-OPERATION)

പീരിയോഡിക്കൽ റിപ്പോർട്ട്

(2021 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH, 2021)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത് ]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

934/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 17 |

## സബ്ജക്ട് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും)

## (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എൻ. വാസവൻ,
സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ജി. ആർ. അനിൽ,
ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. ആന്റണി ജോൺ

ശ്രീ. പി. വി. അൻവർ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

## അവതാരിക

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 1-4-2020 മുതൽ 31-3-2021 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പതിനാലാം കേരള നിയമസഭ പിരിച്ചുവിടപ്പെട്ട സാഹചര്യത്തിൽ 2019-21-ലെ സമിതിക്ക് ഈ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കാൻ സാധിച്ചില്ല. പ്രസ്തുത സമിതിയിൽ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചെയർമാനും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ, എക്സ്-ഒഫീഷ്യോ അംഗവും സർവ്വശ്രീ അബ്ദുൽ ഹമീദ്. പി., അനൂപ് ജേക്കബ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ജോർജ് എം. തോമസ്, പി. സി. ജോർജ്, വി. ജോയി, മുഹമ്മദ് മുഹസിൻ പി., മുരളി പെരുനെല്ലി എന്നിവർ അംഗങ്ങളുമായിരുന്നു. പ്രസ്തുത സമിതി 3-5-2021-ൽ നിയമസഭ പിരിച്ചുവിടുന്നതുവരെ തുടരുകയുണ്ടായി.

2020-21 കാലയളവിൽ സമിതി ആകെ 4 യോഗങ്ങൾ ഗൂഗിൾ മീറ്റ് എന്ന ഓൺലൈൻ സംവിധാനം കൂടി ഉപയോഗപ്പെടുത്തി ചേർന്നു. ഇതിൽ 22-7-2020-ലെ യോഗത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, 2018-19 സാമ്പത്തിക വർഷത്തെ സഹകരണ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം), 2019-20 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 1-4-2019 മുതൽ 31-3-2020 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും 820/19, 143/20 എന്നീ നമ്പർ എസ്.ആർ.ഒ.കൾ സാധൂകരിക്കുകയും ചെയ്തു. 21-10-2020-ലെ യോഗത്തിൽ ചട്ടം 235(എ) പ്രകാരം സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച് ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും 2018-19 സാമ്പത്തിക വർഷത്തെ ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) പരിഗണിക്കുകയും ചെയ്തു. 20-1-2021-ലെ യോഗത്തിൽ കേരള സഹകരണ സബോർഡിനേറ്റ് ചട്ടം 1962 പരിഷ്കരിക്കുന്നത് സംബന്ധിച്ച കരട് ചട്ടം പരിഗണിക്കുകയും സഹകരണ സംഘങ്ങളിലെ പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പ്രായം 70 വയസ്സായി നിജപ്പെടുത്തിയ ഭേദഗതി വിജ്ഞാപനം

(എസ്.ആർ.ഒ. നമ്പർ 525/2020) സമിതി സാധൂകരിക്കുകയും 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ 2019-20 സാമ്പത്തിക വർഷത്തെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) സപ്ലൈക്കോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച കരട് റിപ്പോർട്ട് എന്നിവ പരിഗണിക്കുകയും ചെയ്തു. 25-2-2021-ലെ യോഗത്തിൽ സഹകരണ സർവ്വീസ് പരീക്ഷാബോർഡ് ഭേദഗതി സംബന്ധിച്ച എസ്.ആർ.ഒ. വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 633/2020), സഹകരണ സ്ഥാപനങ്ങളിലെ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന നിക്ഷേപ വായ്പാ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും സ്ഥാനക്കയറ്റം സംബന്ധിച്ച ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 630/2020) എന്നിവ സാധൂകരിക്കുകയും 2019-20, 2020-21 സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും ചെയ്തു. സമിതി യോഗങ്ങളിൽ പങ്കെടുത്ത അംഗങ്ങളുടെ ശരാശരി ഹാജർ നില 46.5% ആണ്.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അദ്ധ്യായം 1-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അദ്ധ്യായം II സമിതി പരിഗണിച്ച ബില്ലുകൾ സംബന്ധിച്ചതാണ്. അദ്ധ്യായം III-ൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ-കളുടെ വിശദാംശങ്ങളും അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങളും അദ്ധ്യായം V-ൽ 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI-ൽ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകൾ അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. അദ്ധ്യായം VII സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ചതാണ്.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2021 ജൂലൈ 2-ന് ചേർന്ന സമിതിയോഗം അംഗീകരിച്ചു.

**വി. എൻ. വാസവൻ,**

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2021 ജൂലൈ 2.

# റിപ്പോർട്ട്

അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

(എ) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 22-7-2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും 24-8-2020-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിലെ സബ്ജക്ട് കമ്മിറ്റി XI-ന്റെ പ്രവർത്തനം സംബന്ധിച്ച പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 22-7-2020-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 24-8-2020-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് 20-1-2021-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 21-1-2021-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ബില്ലുകൾ ലഭിച്ചിട്ടില്ല.

അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ സംബന്ധിച്ച വിശദാംശം

സമിതി പരിഗണിച്ച ചട്ടങ്ങൾ

കേരള സഹകരണ സബോർഡിനേറ്റ് ചട്ടം 1962 പരിഷ്കരിക്കുന്നത് സംബന്ധിച്ച കരട് ചട്ടം.

പ്രസ്തുത കരട് ചട്ടം 20-1-2021-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി പരിഗണിച്ച എസ്. ആർ. ഒ.കൾ

(എ) പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി സംബന്ധിച്ച കേരള സഹകരണ സംഘം ഭേദഗതി ചട്ടം (എസ്.ആർ.ഒ. നമ്പർ 820/2019), ആശ്രിത നിയമനം-സഹകരണ നിയമം ഭേദഗതി വരുത്തിയ എസ്.ആർ.ഒ. വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 143/2020).

പ്രസ്തുത എസ്. ആർ. ഒ.കൾ 22-7-2020-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ബി) സഹകരണ സംഘങ്ങളിലെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പ്രായം 70 വയസ്സാക്കി നിജപ്പെടുത്തിയ ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 525/2020).

പ്രസ്തുത എസ്.ആർ.ഒ. 20-1-2021-ലെ സമിതിയോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(സി) സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് ഭേദഗതി സംബന്ധിച്ച എസ്.ആർ.ഒ.വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 633/2020), സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന നിക്ഷേപവായ്പാ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും സ്ഥാനക്കയറ്റം സംബന്ധിച്ച ചട്ടം ഭേദഗതി വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 630/2020)

പ്രസ്തുത എസ്.ആർ.ഒ.കൾ 25-2-2021-ലെ സമിതിയോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

അദ്ധ്യായം IV

## നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം, സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് സമിതി 21-10-2020-ലെ യോഗത്തിൽ തെളിവെടുപ്പ് നടത്തി.

<u>അദ്ധ്യായം V</u>

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്

(എ) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം, XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ 24-8-2020-ന് സഭയിൽ സമർപ്പിച്ചു.

(ബി) XXX—<u>ഭക്ഷ്യം</u> എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് കാലതാമസ പത്രിക സഹിതം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ 24-8-2020-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടും കാലതാമസ പത്രികയും 21-10-2020-ന് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു.

(സി) XXVII—<u>സഹകരണം</u> എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന സഹകരണ വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്, കാലതാമസപത്രിക സഹിതം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ 13-1-2021-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടും കാലതാമസപത്രികയും 20-1-2021-ന് സമിതിയിൽ സമർപ്പിച്ചു.

<u>അദ്ധ്യായം VI</u>

## (എ) 2020-21 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 33 ശിപാർശകളിൽ എല്ലാ ശിപാർശകളിന്മേലും സഹകരണം, ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളിൽ നിന്നും മറുപടി ലഭിക്കുകയും, ആയത് ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു.

## (ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം

(i) 2019-20 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 1 മുതൽ 21 വരെ ഖണ്ഡികകളിലെ ശിപാർശ കളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും 24-ാം നമ്പർ ശിപാർശയിന്മേലുള്ള അന്തിമ നടപടി സ്റ്റേറ്റ്മെന്റും.

### ശിപാർശ നമ്പർ 1

2425-00-001-91—സഹകരണ വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ പുതുതായി ആരംഭിച്ച താലൂക്കുകളിൽ രൂപീകൃതമായ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകളുടെ സ്ഥാപിത പ്രവർത്തനങ്ങൾക്കും വകുപ്പിൽ നടപ്പിലാക്കിവരുന്ന സംയോജിത സഹകരണ വികസന മാനേജ്മെന്റ് സിസ്റ്റം, ജില്ല, താലൂക്ക് തലങ്ങളിലെ ആഫീസുകളിൽ വ്യാപൃതമാക്കി നടപ്പിലാക്കുന്നതിനും അധിക തുക ആവശ്യമുള്ളതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ഇനത്തിൽ 1,82,37,614 രൂപ ചെലവഴിച്ചു. ടി ശീർഷകത്തിലുള്ള പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നതിനാൽ അധിക തുക അനുവദിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

### ശിപാർശ നമ്പർ 2

2425-00-001-90—സഹകരണ പ്രചാരണത്തിനുള്ള ധനസഹായം എന്ന ശീർഷകത്തിൽ സഹകരണ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്ന വിവിധങ്ങളായ കർമ്മപരിപാടികൾ ജനങ്ങളിലെത്തിക്കുന്നതുൾപ്പെടെയുള്ള സഹകരണ പ്രചാരണത്തിനും സഹകരണ വകുപ്പിന്റെ മാസികയായ സഹകരണ വീഥിയുടെ പ്രസിദ്ധീകരണ സഹായത്തിനും നിക്ഷേപസമാഹരണ യജ്ഞവുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ട്രോഫിക്കുള്ള ചെലവ് തുടങ്ങിയവയ്ക്കുമായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശീർഷകത്തിലുള്ള പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നതിനാൽ അധിക തുക അനുവദിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

**ശിപാർശ നമ്പർ 3**

2425-00-001-86—കേരള സഹകരണ ബാങ്ക് രൂപീകരണവും ധനസഹായവും എന്ന ശീർഷകത്തിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണം പൂർത്തിയാകുന്ന വേളയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റഗുലേറ്ററി നോംസ് പ്രകാരം നിശ്ചയിക്കപ്പെടുന്ന മൂലധന പര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ തുക ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഷെയർ ശീർഷകത്തിൽ അനുവദിക്കുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

RBI വ്യവസ്ഥകൾ പ്രകാരമുള്ള മൂലധന പര്യാപ്തത കൈവരിയ്ക്കാൻ തുക ആവശ്യമുള്ള പക്ഷം വിഷയം പരിഗണിച്ച് തീരുമാനം എടുക്കുന്നതാണ്.

**ശിപാർശ നമ്പർ 4**

2425-00-003-89-31—സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം - സഹായധനം - ശമ്പളം എന്ന ശീർഷകത്തിൽ സ്വയംഭരണ സ്ഥാപനമായി പ്രഖ്യാപിക്കപ്പെട്ട അഗ്രികൾച്ചറൽ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും സഹകരണ വിദ്യാഭ്യാസ പരിപാടികൾക്കുമായും, ദേശീയ സഹകരണ യൂണിയനുമായി ചേർന്ന് തയ്യാറാക്കിയ ഉടമ്പടിയനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിനുള്ള പ്രവർത്തന ചെലവിന്റെ 50% വഹിക്കുന്നതിനും തിരുവനന്തപുരം സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിലെ പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയുടെ നടത്തിപ്പിനും, അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ പരിശീലനത്തിന് പങ്കെടുക്കുന്ന വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്നതിനും കൂടാതെ ഐ.സി.എം. കണ്ണൂരിന് മാച്ചിംഗ് കോൺട്രിബ്യൂഷനായി 10 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ആകെ 1.50 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തികവർഷത്തിൽ ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം തുക അനുവദിച്ചിരുന്നില്ല. എന്നാൽ 2020-21 പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്.

**ശിപാർശ നമ്പർ 5**

2425-00-003-88—സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം എന്ന ശീർഷകത്തിൽ സഹകരണ വകുപ്പ് ജീവനക്കാർക്ക് സഹകരണ മേഖലയിലെ ആധുനിക മാനേജ്മെന്റ് സാങ്കേതിക വിദ്യകൾ, ഇ-ഗവേണൻസ് തുടങ്ങിയ വിഷയങ്ങളിൽ

പരിശീലനം നൽകുന്നതിനും, വകുപ്പിന് കീഴിൽ ആരംഭിക്കുന്ന പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്കും ആവർത്തന ചെലവുകൾക്കും അധിക തുക ആവശ്യമുള്ളതിനാൽ 65 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ഇനത്തിൽ 20,90,657 രൂപ ചെലവഴിച്ചു. ടി ശീർഷകത്തിലുള്ള പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ നമ്പർ 6**

2425-00-004-97—ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കുകളെയും ഒറ്റബാങ്കായി ലയിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്ന കമ്മിറ്റിക്കുള്ള സഹായം എന്ന ശീർഷകത്തിൽ ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ഒറ്റ ബാങ്കായി ലയിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച തുടർ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ചെലവുകൾക്കുവേണ്ടി 9 ലക്ഷം രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തുവാൻ നിയോഗിച്ചിരുന്ന ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ടി കാലയളവിൽ അവസാനിക്കുകയും ആയതിന്റെ ചെലവുകൾക്ക് അനുവദിച്ചിരുന്ന തുകയിൽ ബാക്കി നിൽപ്പു തുക കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച തുടർ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ചെലവുകൾക്കുവേണ്ടി വിനിയോഗിക്കാൻ സർക്കാർ അനുമതി നൽകുകയും ചെയ്തതിനാൽ അധിക തുകയുടെ ആവശ്യകത ഉണ്ടായിരുന്നില്ല.

**ശിപാർശ നമ്പർ 7**

2425-00-107-80—പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം എന്ന ശീർഷകത്തിൽ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പാ ബാധ്യതയിലേയ്ക്ക് തിരിച്ചടവുകൾ നടത്തുകയും എന്നാൽ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ വായ്പ എഴുതി തള്ളുന്നതിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള റിസ്ക് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്ന പ്രീമിയം തുകയേക്കാൾ വളരെ കൂടുതൽ തുക സഹായമായി

അനുവദിക്കേണ്ടിവരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയുടെ ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5.90 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 10,88,99,179 രൂപ ചെലവഴിച്ചു. ആയതിൽ 9,46,80,179 രൂപ കേരള റിസ്ക് ഫണ്ട് പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. പദ്ധതി വിഹിതം വർദ്ധിപ്പിച്ച് അധിക ധനസമാഹരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ നമ്പർ 8**

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി - സബ്സിഡികൾ എന്ന ശീർഷകത്തിൽ 2011-12 സാമ്പത്തികവർഷം മുതൽ കൃത്യമായ കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിന് 26-5-2012-ലെ സ. ഉ. (സാധാ.) 315/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. തുടർ പദ്ധതിയായതിനാൽ ലഭിച്ചിട്ടുള്ള ക്ലെയിമുകൾ നൽകുന്നതിനു വേണ്ടി മാത്രം 25 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നബാർഡുവഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിനുള്ള സർക്കാർ പദ്ധതിയ്ക്ക് 26-5-2012-ലെ സ. ഉ. (സാധാ.) 315/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം 32 കോടി രൂപ വഹിക്കുന്നതിന് ഉത്തരവായിരുന്നു. ഈ ഇനത്തിൽ 18 കോടി രൂപ 2018-19 വർഷം വരെ അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം ടി ഇനത്തിൽ 700.00 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ച് ഉത്തരവായിരുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം കൂടുതൽ തുക അനുവദിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

**ശിപാർശ നമ്പർ 9**

2425-00-108-76—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം (എൻ.സി.ഡി.സി. പദ്ധതി 100%) - യാത്രാ ചെലവുകൾ എന്ന ശീർഷകത്തിൽ ഐ.സി.ഡി.പി. മോണിറ്ററിംഗ് സെൽ ഉദ്യോഗസ്ഥന്മാരുടെ നിലവിലുള്ള

യാത്രാബത്ത, സ്ഥലംമാറ്റബത്ത എന്നിവയ്ക്കുള്ള തുക അപര്യാപ്തമായതിനാൽ യാത്രാ ബത്തയ്ക്ക് 1.71 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്തയ്ക്ക് 21,000 രൂപയും കൂടി ആകെ 1.92 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 1,21,25,249 രൂപ ചെലവഴിച്ചു. യാത്രാബത്ത, സ്ഥലംമാറ്റ ബത്ത എന്നീ യാത്രാ ചെലവുകൾ കുറഞ്ഞതിനാൽ കൂടുതൽ തുക അനുവദിയ്ക്കേണ്ടി വന്നില്ല.

**ശിപാർശ നമ്പർ 10**

2425-00-108-67—<u>മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>, 2425-00-108-68—<u>മറ്റ് വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സംഘങ്ങൾക്കുള്ള സഹായം</u> എന്നീ ശീർഷകങ്ങളിൽ പലവക സഹകരണ സംഘങ്ങൾക്കായുള്ള അപ്പെക്സ് സഹകരണ സംഘത്തിന്റെ രൂപീകരണത്തിനും, ട്രാൻസ്ജെൻഡർ സഹകരണ സംഘം രൂപീകരിച്ച് വിജയകരമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടത്തുന്ന കൃതി ഇന്റർനാഷണൽ ബുക്ക് ഫെയറിനും സാഹിത്യ വിജ്ഞാനോത്സവത്തിനും ആശുപത്രി സഹകരണ സംഘങ്ങളിലെ ബ്ലഡ്ബാങ്ക്/മെഡിക്കൽ ലബോറട്ടറീസ് തുടങ്ങിയവയ്ക്കായി ധനസഹായം അനുവദിക്കുന്നതിനും ഉൾപ്പെടെ ഈ സ്കീമിലെ വിവിധങ്ങളായ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 2 കോടി, 1 കോടി എന്നിങ്ങനെ സബ്സിഡി, ഓഹരി എന്നീ ശീർഷകങ്ങളിലായി ആകെ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2425-00-108-67 ശീർഷകത്തിൽ 2,61,92,250 രൂപയും 4425-108-68 ശീർഷകത്തിൽ 1,91,67,250 രൂപയും ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 2425-108-67 ശീർഷകത്തിൽ നിന്നും കൃതി ഇന്റർനാഷണൽ ബുക്ക് ഫെയറിനും, സാഹിത്യ വിജ്ഞാനോത്സവത്തിനും 150 ലക്ഷം രൂപ അനുവദിച്ചുണ്ട്. ടി ശീർഷകങ്ങളിലുള്ള പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ നമ്പർ 11**

2425-00-108-49—<u>ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u> എന്ന ശീർഷകത്തിൽ കൺസ്യൂമർ ഫെഡറേഷനുള്ള പദ്ധതി ധനസഹായം,

സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ധനസഹായം, നീതി സ്റ്റോറുകൾക്കും നീതി മെഡിക്കൽ സ്റ്റോറുകൾക്കും ധനസഹായം അനുവദിക്കുന്നതിനും, ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി നിലവിലുള്ള മറ്റ് പദ്ധതികൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.30 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതി ഇനത്തിൽ 1,55,55,200 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ശീർഷകത്തിലുള്ള പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ നമ്പർ 12**

2425-00-108-47-31—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം - ശമ്പളം എന്ന ശീർഷകത്തിൽ പ്രൊഫഷണൽ എഡ്യൂക്കേഷനു വേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ശമ്പളയിനത്തിലെ ചെലവുകൾക്കുവേണ്ടി കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) 2019-20 സാമ്പത്തികവർഷത്തിൽ നോൺ പ്ലാൻ ഇനത്തിലെ ബഡ്ജറ്റ് വിഹിതമായ 457.54 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും 15 കോടി രൂപ പ്രത്യേകം അനുവദിച്ചതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ നമ്പർ 13**

2425-00-108-47-35—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്ന ശീർഷകത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാദമിയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേപ്പിന് ടി പദ്ധതി ഇനത്തിൽ 7 കോടി രൂപ ചെലവഴിച്ചു. കോ ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ(കേപ്പ്)-ന്റെ പദ്ധതി പ്രവർത്തനങ്ങൾ ഗവൺമെന്റ് പരിശോധിക്കുകയാണ്.

**ശിപാർശ നമ്പർ 14**

2425-00-108-42—<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം</u>, 4425-00-108-34—<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ഓഹരി മൂലധന വിഹിതം</u> എന്നീ ശീർഷങ്ങളിൽ 2017-18-ലെ പദ്ധതിയിനത്തിൽ സംഘങ്ങൾക്ക് അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ എസ്.റ്റി.എസ്.ബി. 172-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന സർക്കാർ തിരിച്ചെടുത്ത തുക 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കേണ്ടതായി വന്നിട്ടുണ്ട്. മേൽ കാരണത്താൽ നടപ്പുവർഷം ധനസഹായം നൽകാൻ കഴിയാതിരുന്ന സംഘങ്ങൾക്കും വരുംവർഷം ധനസഹായം അനുവദിക്കേണ്ട സംഘങ്ങൾക്കും കൂടാതെ എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ വികസനത്തിനും അട്ടപ്പാടി സമഗ്ര ആരോഗ്യ പരിപാലന പദ്ധതിയുടെ നടത്തിപ്പിനും പുനർജനി പദ്ധതി തുടങ്ങുന്നതിനും കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 8.15 കോടി, 1.85 കോടി എന്നിങ്ങനെ സബ്സിഡി, ഓഹരി എന്നീ ശീർഷകങ്ങളിലായി ആകെ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി ഇനത്തിൽ 2425-00-108-42 ശീർഷകത്തിൽ 6,34,57,000 രൂപയും 4425-00-108-34 ശീർഷകത്തിൽ 2,67,02,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ധനലഭ്യതയിലെ കുറവുമൂലം കൂടുതൽ തുക അനുവദിക്കാനായിട്ടില്ല.

**ശിപാർശ നമ്പർ 15**

2425-00-108-36—<u>കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിനുള്ള ധനസഹായം</u>

4425-00-108-30—<u>അഗ്രികൾച്ചർ മാർക്കറ്റിംഗ് സെക്ടറിനെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന് സഹായം</u>

6425-00-108-09-അഗ്രികൾച്ചർ മാർക്കറ്റിംഗ് സെക്ടറിനെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന് ലോൺ എന്നീ ശീർഷകങ്ങളിൽ കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വിപണന സംഘങ്ങൾക്ക് നൽകിവരുന്ന ധനസഹായം പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന എല്ലാ വിപണന സംരംഭങ്ങൾക്കുംകൂടി ബാധകമാക്കിയിട്ടുള്ള സാഹചര്യത്തിൽ കൂടുതൽ സംഘങ്ങൾക്ക് ധനസഹായം നൽകേണ്ടതുള്ളതിനാൽ ഇതിലേക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 13.30 ലക്ഷം, 16.70 ലക്ഷം, 20 ലക്ഷം എന്നിങ്ങനെ ഈ പദ്ധതിക്കായുള്ള സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി ഇനത്തിൽ 2425-00-108-36 ശീർഷകത്തിൽ 4,10,100 രൂപയും 4425-00-108-30 ശീർഷകത്തിൽ 4,89,900 രൂപയും, 6425-00-108-09 ശീർഷകത്തിൽ 6,00,000 രൂപയും ചെലവഴിച്ചിരുന്നു. ശീർഷകത്തിലുള്ള പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ നമ്പർ 16**

2425-00-108-33—സഹകരണ വകുപ്പിന്റെകീഴിൽവരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം-സബ്സിഡികൾ

4425-00-108-28—സഹകരണ വകുപ്പിനുകീഴിലുള്ള എല്ലാ സഹകരണ സംഘങ്ങളുടെയും നവീകരണം

6425-00-108-07—സഹകരണ വകുപ്പിനുകീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം എന്നീ ശീർഷകങ്ങളിൽ മുൻവർഷം സംഘങ്ങൾക്ക് അനുവദിച്ചിരുന്ന തുക സർക്കാർ തിരിച്ചെടുത്ത സാഹചര്യത്തിൽ ടി തുക 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കേണ്ടതായിവന്നിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ ധനസഹായത്തിനായി സംഘങ്ങളിൽ നിന്നും കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. സംഘങ്ങളുടെ ആധുനികവത്ക്കരണം അനിവാര്യമാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 38 ലക്ഷം, 8.5 ലക്ഷം, 8.5 ലക്ഷം എന്നിങ്ങനെ ഈ സ്കീമിലെ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 55 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി ഇനത്തിൽ 2425-00-108-33 ശീർഷകത്തിൽ 70,89,334 രൂപയും, 4425-00-108-28 ശീർഷകത്തിൽ 20,69,000 രൂപയും, 6425-00-108-07 ശീർഷകത്തിൽ 20,69,000 രൂപയും ചെലവഴിച്ചിരുന്നു. ശീർഷകങ്ങളിൽ ഉപധനാഭ്യർത്ഥനയിലൂടെ അധിക തുക അനുവദിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ നമ്പർ 17**

2425-00-108-32—<u>സഹകരണ സംരംഭകത്വംവഴി തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതിക്കുള്ള ധനസഹായം</u> എന്ന ശീർഷകത്തിൽ സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് 1.50 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം തുക അനുവദിച്ചിട്ടില്ല.

**ശിപാർശ നമ്പർ 18**

2425-00-108-31—<u>വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമുള്ള ധനസഹായം</u>

4425-00-108-26—<u>വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമുള്ള ധനസഹായം</u> എന്നീ ശീർഷകങ്ങളിൽ വനിതാ സഹകരണ സംഘങ്ങൾ മുഖേനയും, വനിതാ ഫെഡറേഷൻ മുഖേനയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുക, ചെറുകിട വ്യവസായം ആരംഭിക്കുക, ടി സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണം നടപ്പിലാക്കുക തുടങ്ങിയ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള ധനസഹായം അപര്യാപ്തമാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ 50 ലക്ഷം രൂപ വീതം ആകെ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി ഇനത്തിൽ 2425-00-108-31 ശീർഷകത്തിൽ 72,25,000 രൂപയും, 4425-00-108-26 ശീർഷകത്തിൽ 16,70,000 രൂപയും ചെലവഴിച്ചിരുന്നു. 4425-00-108-26 ശീർഷകത്തിലെ പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാത്ത തിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ശിപാർശ നമ്പർ 19**

4425-00-108-71—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം

6425-00-108-74—സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം) എന്നീ ശീർഷകങ്ങളിൽ പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കി വരുന്ന സംയോജിത വികസന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക ടി ജില്ലകളിലെ സംഘങ്ങളുടെ വികസനത്തിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തുകയേക്കാൾ വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 16.36 കോടി, 14.19 കോടി എന്നിങ്ങനെ ഓഹരി, വായ്പാ ഇനത്തിൽ ആകെ 30.55 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി ഇനത്തിൽ 4425-00-108-71 ശീർഷകത്തിൽ 12,51,68,053 രൂപയും 6425-00-108-74 ശീർഷകത്തിൽ 8,89,87,252 രൂപയും ചെലവഴിച്ചിരുന്നു. ധനലഭ്യതക്കുറവ് മൂലം തുക അനുവദിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

**ശിപാർശ നമ്പർ 20**

4425-00-108-42—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി).

6425-00-108-19—പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി) എന്നീ ശീർഷകങ്ങളിൽ സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ/യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും, എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതിപ്രകാരമുള്ള ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം നൽകുന്നതിനും, കാർഷിക

മേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിനും, 2019-20-ൽ നടപ്പാക്കുന്ന പുതിയ എൻ.സി.ഡി.സി. പദ്ധതികൾക്ക് സഹായം നൽകുന്നതിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ 11.89 കോടി, 14.99 കോടി എന്നിങ്ങനെ ഈ സ്കീമിലെ ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 26.88 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതി ഇനത്തിൽ 4425-00-108-42 ശീർഷകത്തിൽ 7,90,56,890 രൂപയും 6425-00-108-19 ശീർഷകത്തിൽ 15,14,15,275 രൂപയും ചെലവഴിച്ചിരുന്നു. 2019-20 സാമ്പത്തികവർഷം അഡീഷണൽ ആതറൈസേഷൻ മുഖേന 4425-00-108-42 ശീർഷകത്തിൽ 29 ലക്ഷം രൂപയും 6425-00-108-19 ശീർഷകത്തിൽ 502.43 രൂപയും അനുവദിച്ചിരുന്നു.

**ശിപാർശ നമ്പർ 21**

6408-02-195-65—പ്രൈമറി കോ-ഓപ്പറേറ്റീവ്സിനും ഫെഡറേഷനുകൾക്കും വേണ്ടി വായ്പ എന്ന ശീർഷകത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും, ദുർബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതികളായ കോൾഡ് ചെയിൻ, യുവസഹകാർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ധനസഹായം ആവശ്യമുള്ളതിനാൽ 1.92 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ധനലഭ്യതക്കുറവുമൂലം തുക അനുവദിച്ചിട്ടില്ല.

1 മുതൽ 21 വരെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികയും സഹകരണ വകുപ്പിന്റെ 29-12-2020-ലെ എ 1/301/2019/സഹ. നമ്പർ പ്രകാരം ലഭ്യമാക്കിയതിനെ തുടർന്ന് കാലതാമസപത്രിക ചട്ടം 236(5) പ്രകാരം 22-1-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റും കാലതാമസ പത്രികയും 25-2-2021-ലെ സമിതിയോഗം പരിഗണിക്കുകയും ചെയ്തു.

**ശിപാർശ നമ്പർ 24**

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2019-20 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 24-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 26-12-2019-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭക്ഷ്യ ധാന്യങ്ങളുടെ വിലയിനത്തിൽ വേയ്മെന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുന്നതിനും, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുസരിച്ച് റേഷൻ കടകളിലേയ്ക്ക് ഭക്ഷ്യ ധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തുതിനും അധിക തുക ആവശ്യമുള്ളതിനാൽ അധിക തുക അടിയന്തരമായി അനുവദിക്കണമെന്ന് ശക്തമായി ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

<u>സ്വീകരിച്ച നടപടി</u>

2019-20 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 24-ൽ ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ വെയ്മെന്റ് ചാർജ്ജ് ഒടുക്കുന്നതിനും എൻ.എഫ്.എസ്.എ. വാതിൽപ്പടി വിതരണത്തിനുള്ള ഗതാഗത ചെലവിനത്തിലും 84.02 കോടി രൂപ വകയിരുത്തണമെന്നാണ് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നത്.

വിഷയനിർണ്ണയ സമിതിയുടെ ശിപാർശാനുസരണം, 2019-20 സാമ്പത്തിക വർഷത്തിലെ ഒന്ന്, രണ്ട് അന്തിമഘട്ട ഉപധനാഭ്യർത്ഥനകളിൽ യഥാക്രമം 153.73 കോടി രൂപയും, 139.27 കോടി രൂപയും, 124.51 കോടി രൂപയും '2408-01-101-94—<u>റേഷൻ സബ്സിഡി</u> -03—<u>റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത കൈകാര്യ ചെലവുകൾ</u> -33—<u>സബ്സിഡി</u>' എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. 2019-20 സാമ്പത്തികവർഷം മുൻ സാമ്പത്തിക വർഷത്തെ (2018-19) ഗതാഗത കൈകാര്യ ചെലവുകളുടെ കുടിശ്ശിക തുകയായ 83.51 കോടി രൂപ മാത്രമാണ് സപ്ലൈകോയ്ക്ക് ബന്ധപ്പെട്ട 2408-01-101-94-03-33 ശീർഷകത്തിൽ നിന്നും വിതരണം ചെയ്യുകയുണ്ടായത്.

[ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 15-10-2020-ലെ 4087867/ഡി2/2019/ഭ.പൊ.വി.വ. നമ്പർ കത്ത്]

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് 20-1-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിവരം

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് 20-1-2021-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും 21-1-2021-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**വി. എൻ. വാസവൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2021, ജൂലൈ 2.

അനുബന്ധം

## 22-7-2020-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2020 ജൂലൈ 22 ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ, ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും ഹാജരായി. കൂടാതെ താഴെപ്പറയുന്ന അംഗങ്ങൾ ഗൂഗിൾ മീറ്റ് സംവിധാനം മുഖേന ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു:

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രാജേശ്വരി ആർ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
3. ശ്രീമതി ഹരിത വി. കുമാർ, ഡയറക്ടർ, കമ്മീഷണറേറ്റ് ഓഫ് സിവിൽ സപ്ലൈസ്
4. ശ്രീ. ആർ. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി റസിയ കെ, കൺട്രോളർ ഓഫ് റേഷനിംഗ്, കമ്മീഷണറേറ്റ് ഓഫ് സിവിൽ സപ്ലൈസ്.

സമിതി 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 820/2019, 143/2020 എന്നീ നമ്പർ എസ്.ആർ.ഒ.കളുടെ സാധൂകരണം, 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്, 2019-20 സാമ്പത്തിക വർഷത്തെ ആക്ഷൻ

ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2020 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ചുവടെ പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ:

(ഫയൽ നമ്പർ 3357/സബ്.സി.ജി1/19/നി.സെ.)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട 22, 23, 26, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 27, 28, 29, 31 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി സംബന്ധിച്ച കേരള സഹകരണ സംഘം ഭേദഗതി ചട്ടം - എസ്.ആർ.ഒ. നമ്പർ 820/2019.

(ഫയൽ നമ്പർ7163/സബ്.സി.ജി1/19/നി.സെ.)

പ്രസ്തുത ഭേദഗതി വിജ്ഞാപനത്തിൽ രണ്ട് ഭേദഗതികളാണ് വരുത്തിയിരിക്കുന്നതെന്നും ആദ്യത്തേത് Subrule (1)-ൽ 'the committee for representing different categories of societies within the circle shall elect seven members from such category of societies' എന്നതിനു പകരം 'the committee for representing different classes of societies within the circle shall elect seven members from such class of societies' എന്നും രണ്ടാമത്തേത് Clause (ii) of sub rule (3) ൽ "Primary Agricultural Credit Societies" എന്നതിനുപകരം "other than Primary Agricultural Credit Societies" എന്നുമാണെന്നും ബാക്കി കാര്യങ്ങൾ മാറ്റമില്ലാതെ റൂളിൽ നിലനിൽക്കുമെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. Primary Agricultural Credit Societies വിഭാഗത്തിന് പുറത്തുള്ള സംഘങ്ങളിലെ ജീവനക്കാർക്ക് സർക്കിൾ സഹകരണ യൂണിയനുകളിൽ പ്രാതിനിധ്യമുണ്ടാകില്ലെന്നതിനാൽ മറ്റ് സംഘങ്ങളിലെ ജീവനക്കാർക്ക് സർക്കിൾ സഹകരണ യൂണിയനുകളിൽ

പ്രാതിനിധ്യം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് പ്രസ്തുത സംഘങ്ങളിലെ ബന്ധപ്പെട്ടവർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ രജിസ്ട്രാർ വഴി വന്ന ശിപാർശയാണ് ഈ ഭേദഗതിയെന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. തുടർന്ന് പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം സമിതി സാധൂകരിച്ച് അംഗീകരിച്ചു.

III. ആശ്രിത നിയമനം-സഹകരണ നിയമം ഭേദഗതി വരുത്തിയ എസ്.ആർ.ഒ. വിജ്ഞാപനം-എസ്.ആർ.ഒ. നമ്പർ 143/2020.

(ഫയൽ നമ്പർ 2073/സബ്.സി.ജി1/20/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ. സഹകരണ ചട്ടം 1969-ലെ ചട്ടം 188A-യുടെ Sub-clause (e)-യിൽ ഭേദഗതി വരുത്തിയതാണെന്നും ഉയർന്ന പ്രായപരിധി ബാധകമല്ലാത്ത ആശ്രിത നിയമനം ലഭിക്കാൻ അർഹതയുള്ളവരുടെ പട്ടികയിൽ വിധവ/വിഭാര്യൻ എന്നിവർക്കൊപ്പം മാതാവ്/പിതാവ് എന്നിവരെക്കൂടി ഉൾപ്പെടുത്തുന്ന ഭേദഗതി നിർദ്ദേശമാണിതെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു. തുടർന്ന് സമിതി പ്രസ്തുത എസ്.ആർ.ഒ. സാധൂകരിച്ച് അംഗീകരിച്ചു.

കേരള ബാങ്കുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന് 2019 നവംബർ 29-ന് കേരള ബാങ്ക് രൂപീകരണത്തിനുള്ള അന്തിമ അനുമതി റിസർവ് ബാങ്കിൽ നിന്നും ലഭിച്ചുവെന്നും അതനുസരിച്ച് പ്രാഥമിക സന്നദ്ധത അറിയിച്ച് റെസല്യൂഷൻ പാസ്സാക്കി നൽകിയ 13 ജില്ലാ ബാങ്കുകൾ (മലപ്പുറം ഒഴികെ) സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുകയും സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസും മറ്റ് അസ്തിത്വവും അതുപോലെ തുടരുകയും ബാക്കിയുള്ളവ ഇതിന്റെ ഭാഗമായി മാറുകയും ചെയ്യുന്ന നടപടി പൂർത്തിയാക്കുകയും രജിസ്ട്രാറുടെ ലയന പ്രഖ്യാപനം ഉണ്ടാവുകയും ചെയ്തിട്ടുണ്ടെന്നും അതിനുശേഷം റിസർവ് ബാങ്ക് അനുശാസിച്ച രീതിയിൽ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 'Fit and Proper' ക്രൈറ്റീരിയ അനുസരിച്ച് സി.ഇ.ഒ.യെ നിയമിക്കുകയും ബൈലോ അനുസരിച്ച് സംസ്ഥാന സഹകരണ വകുപ്പ് സെക്രട്ടറി, ഫിനാൻസ് പ്രതിനിധി, കേരള ബാങ്ക് സി.ഇ.ഒ. എന്നിവർ ഉൾപ്പെടുന്ന താൽക്കാലിക ഭരണ സമിതി നിലവിൽ വരികയും ചെയ്തുവെന്നും തുടർന്ന് സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ ബാങ്കുകളുടെയും സംയുക്ത ജനറൽ ബോഡി നടത്തുകയും അതിൽ 13 ജില്ലകളിൽ നിന്നുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ അവരുടെ ബൈലോ അംഗീകരിക്കുകയും ചെയ്തുവെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും അടുത്ത ഘട്ടത്തിൽ അതിന്റെ തെരഞ്ഞെടുപ്പാണ് നടക്കേണ്ടതെന്നും അതിനുവേണ്ടിയുള്ള അജണ്ടയും മറ്റു കാര്യങ്ങളും തയ്യാറാക്കുകയാണെന്നും അടുത്ത ഇന്ററിം ബോർഡ് മീറ്റിംഗിൽ തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള നിർദ്ദേശം രജിസ്ട്രാർക്ക് കൊടുക്കുമെന്നും

തത്വത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള സന്നദ്ധത അറിയിച്ചുകൊണ്ട് രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അടുത്ത യോഗത്തിന്റെ തീരുമാനങ്ങൾ വരുന്ന മുറയ്ക്ക് രജിസ്ട്രാർക്കും സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷനും വിശദമായ അജണ്ട നൽകുമെന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

കോവിഡ് കാലത്ത് നമ്മുടെ സംസ്ഥാനത്ത് കേരള ബാങ്ക് നൽകിയ സേവനങ്ങൾ വളരെ വലുതാണെന്നും 1500 കോടി രൂപ നബാർഡിന്റെ കാർഷിക പുനർവായ്പ കേവലം രണ്ടുമാസക്കാലത്തിനിടയ്ക്ക് കേരളത്തിലെ കർഷകർക്ക് വിതരണം ചെയ്യാൻ സാധിച്ചുവെന്നും അതിൽ കൃത്രിമം കാണിച്ച സംഘങ്ങളെയെല്ലാം കർശനമായ ശിക്ഷയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്നും മൂവായിരത്തോളം കോടി രൂപയുടെ വായ്പ കേരള ബാങ്കിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്നും മലപ്പുറം ജില്ലാ ബാങ്കുമായി ബന്ധപ്പെട്ട കേസ് കോടതിയിൽ നിലനിൽക്കുന്നതിനാൽ കോടതിയുടെ തീരുമാനത്തിനനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് കോണ്ടുപോകാൻ സാധിക്കുമെന്നും മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിൽ ലയിച്ചില്ലെങ്കിൽപ്പോലും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് എല്ലാവിധ പിന്തുണയും സഹകരണവും കേരള ബാങ്ക് നൽകികൊണ്ടിരിക്കുകയാണെന്നും ബഹു. ചെയർമാൻ പറഞ്ഞു.

സിവിൽസപ്ലൈസ് വകുപ്പ് നടപ്പിലാക്കുന്ന റേഷൻ വിതരണ സംവിധാനം വളരെ നല്ല രീതിയിലാണ് മുന്നോട്ടുപോകുന്നതെങ്കിലും റേഷൻ വാങ്ങുന്നയാൾ റേഷൻ കടകളിലെ ഇ-പോസ് മെഷീനിൽ വിരലടയാളം പതിക്കണമെന്ന പ്രശ്നമുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ഇ-പോസ് സംവിധാനം ഒഴിവാക്കിയാൽ മാനുവലായി മാത്രമേ റേഷൻ വിതരണം നടത്താൻ സാധിക്കുകയുള്ളൂവെന്നും അങ്ങനെ വരുമ്പോൾ പലതരത്തിലുള്ള കൃത്രിമങ്ങൾ നടക്കാൻ സാധ്യതയുണ്ടെന്നും അതുകൊണ്ടാണ് കോവിഡ് കാലഘട്ടത്തിലും ഇ-പോസ് സംവിധാനം വേണമെന്ന് നിർബന്ധിക്കുന്നതെന്നും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി വ്യക്തമാക്കി. ബയോ മെട്രിക് സംവിധാനം പ്രാവർത്തികമാക്കുകയെന്നതാണ് ഏറ്റവും പ്രായോഗികമായ മാർഗ്ഗമെന്നും റേഷൻ കടകളിലെ പ്രവർത്തനം വിലയിരുത്താനും ക്രമക്കേടുകൾ ഒഴിവാക്കുവാനും സംസ്ഥാനതലത്തിലുള്ള ജനകീയ കമ്മിറ്റികൾ ഓരോ റേഷൻകട കേന്ദ്രീകരിച്ചും രൂപവൽക്കരിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിലെ കൃത്രിമം ഒഴിവാക്കുന്നതിനായി വേയിംഗ് ബാലൻസിനെ ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും കോവിഡ് പശ്ചാത്തലമായതിനാലാണ് അത് നടപ്പിലാക്കാൻ കഴിയാതെ വന്നതെന്നും ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി അറിയിച്ചു.

ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന കോവിഡ് കാലഘട്ടത്തിൽ കൃത്യമായി നടന്നിട്ടില്ലെന്നതു സംബന്ധിച്ചും ഫ്യൂവൽ സ്റ്റേഷന്റെ പ്രവർത്തനം സംബന്ധിച്ചും ധാരാളം പരാതികൾ ഉണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടതിന് ലീഗൽ മെട്രോളജി വകുപ്പ് നല്ല രീതിയിൽ പരിശോധന നടത്തുകയും ധാരാളം കേസുകളെടുക്കുകയും ചെയ്തിട്ടുണ്ടെന്നുമാണ് മനസ്സിലാക്കാൻ സാധിച്ചതെന്നും ഫ്യൂവൽ സ്റ്റേഷന്റെ പ്രവർത്തനങ്ങൾ കൃത്യമായി പരിശോധിക്കാൻ പ്രത്യേക ടീമിനെ നിയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി പറഞ്ഞു. കോവിഡ് കാലഘട്ടത്തിൽ റേഷൻ വിതരണത്തിലും വില വർദ്ധനയിലും ധാരാളം അനോമലികളുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ലീഗൽ മെട്രോളജി വകുപ്പിനെ കൂടുതൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്നും ഏപ്രിൽ മാസത്തിൽ വിലവർദ്ധനയും റേഷൻ കടകൾ വഴി വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ അളവിൽ കുറവും ഉണ്ടായതായി കണ്ടെത്തിയതിനെ തുടർന്ന് സിവിൽ സപ്ലൈസ് വകുപ്പ് 35974 സ്ക്വാഡ് ഇൻസ്പെക്ഷനുകൾ നടത്തുകയും 4124 കേസുകൾ ബുക്ക് ചെയ്യുകയും ലീഗൽ മെട്രോളജി വകുപ്പ് 21939 ഇൻസ്പെക്ഷൻ നടത്തി 3491 കേസുകൾ ബുക്ക് ചെയ്യുകയും 1.3 കോടി രൂപ കോമ്പൗണ്ടിംഗ് ഫീസായി ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

IV. 2018-19 സാമ്പത്തിക വർഷത്തെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം) സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 43/സബ്.സി.ജി1/19/നി.സെ.)

V. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3357 സബ്.സി.ജി1/19/നി.സെ.)

VI. 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2350 സബ്.സി.ജി1/20/നി.സെ.)

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് പിരിഞ്ഞു.

## 21-10-2020-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2020 ഒക്ടോബർ 21 ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ ഐ.ടി. വീഡിയോ കോൺഫറൻസ് ഹാളിൽ ഗൂഗിൾ മീറ്റ് എന്ന ഓൺലൈൻ സംവിധാനത്തിലൂടെ ബഹു. സമിതി ചെയർമാൻ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഗൂഗിൾമീറ്റ് സംവിധാനത്തിലൂടെ പങ്കെടുത്തു:

1. ശ്രീഅബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
3. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
4. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീ. വി.ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രാജേശ്വരി ആർ., അണ്ടർ സെക്രട്ടറി.

<u>ഓൺലൈനിലൂടെ ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
2. ശ്രീ. രാഹുൽ ആർ., കമാന്റ് ഇൻ ചാർജ്ജ്, ഹെഡ് ഓഫീസ്, സപ്ലൈകോ
3. ശ്രീ. എം. സതീഷ്, അഡീഷണൽ ജനറൽ മാനേജർ(മാർക്കറ്റിംഗ്), സപ്ലൈകോ
4. ശ്രീ. റിയാസ് പി. എ., മാനേജർ (മെഡിസിൻ), സപ്ലൈകോ
5. ശ്രീ. ജെയ്സൺ ജേക്കബ്, മാനേജർ(ബ്രാൻഡ് പ്രൊഡക്ഷൻ), സപ്ലൈകോ
6. ശ്രീ. എസ്. സതീഷ് ബാബു, മാനേജർ(ഫാർമസി), സപ്ലൈകോ.

സമിതി, സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച് നിലവിലുള്ള സ്ഥിതി വിലയിരുത്തുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും 2018-19 സാമ്പത്തിക വർഷത്തെ ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണിക്കുകയും ചെയ്തു.

I. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച് ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പ്

(ഫയൽ നമ്പർ 2521/സബ്.സി.ജി1/2017/നി.സെ.)

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ നിലവിലുള്ള സ്ഥിതി കൂടി ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായൊരു റിപ്പോർട്ട് സമർപ്പിക്കണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചോദ്യാവലിയിൽ നേരത്തെ ലഭിച്ച മറുപടിയിൽനിന്നും മാറ്റമുള്ളതും അല്ലാത്തതുമായ വിവരങ്ങൾ ഉൾപ്പെടുത്തി ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയിന്മേലുള്ള ചർച്ചയും സമിതിയുടെ അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനാണ് യോഗം ചേരുന്നതെന്ന് സമിതി വിഭാഗത്തിന്റെ അഡീഷണൽ സെക്രട്ടറി ആമുഖമായി പറഞ്ഞു.

ചോദ്യാവലിയിലെ ചോദ്യം നമ്പർ 2-ൽ സംസ്ഥാനത്ത് 95 സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളാണ് നിലവിൽ ഉള്ളതെന്നും ലാഭത്തിലല്ലാത്ത മെഡിക്കൽ സ്റ്റോറുകൾ പൂട്ടാനുള്ള നിർദ്ദേശമുണ്ടായിരുന്നതിനാൽ അതിരമ്പുഴ, ഈരാറ്റുപേട്ട, തിരുവമ്പാടി, തോപ്പുംപടി, കൊങ്ങോർപ്പിള്ളി, വൈറ്റില, നടക്കാവ്, എടക്കര എന്നീ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ 2018 സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിലും ചുള്ളിക്കൽ, തൊടുപുഴ, മൂവാറ്റുപുഴ, എന്നിവ യഥാക്രമം 2019 ജനുവരി, ഫെബ്രുവരി, നവംബർ മാസങ്ങളിലും പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്നും മേൽപ്പറഞ്ഞ കാലയളവിൽ പ്രസ്തുത മെഡിക്കൽ സ്റ്റോറുകളുടെ ആറുമാസത്തെ ശരാശരി വില്പന ഒരു ലക്ഷത്തിലും താഴെയായതിനാൽ നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടായതിനാലാണ് അടച്ചു പൂട്ടാനുള്ള തീരുമാനമെടുത്തതെന്നും ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടിയ സ്ഥലങ്ങളിലും ഇല്ലാത്ത സ്ഥലങ്ങളിലും സപ്ലൈകോയുടെ ഫ്രാഞ്ചൈസി കൊടുത്ത് പ്രവർത്തനം നടത്തിയാൽ ധാരാളം ആൾക്കാർ അതേറ്റെടുത്ത് നടത്താൻ തയ്യാറാകുമെന്നും ഏറ്റെടുക്കുന്നവർക്ക് ലാഭവിഹിതം മാത്രം

കൊടുത്താൽ മതിയാകുമെന്നും സപ്ലൈകോ നേരിട്ട് നടത്തുന്നതുകൊണ്ടാണ് പല സ്ഥലങ്ങളിലും ഇതുപോലുള്ള ബുദ്ധിമുട്ടുണ്ടാകുന്നതെന്നുമുള്ള അഭിപ്രായമുയർന്നപ്പോൾ ഒരു പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോയ്ക്ക് ഫ്രാഞ്ചൈസി കൊടുക്കാൻ കഴിയുമോയെന്നത് നിയമപരമായ വിഷയമായതുകൊണ്ട് അതിലൊരു തീരുമാനമെടുക്കുന്ന കാര്യത്തിൽ കൂടുതൽ ചർച്ച ആവശ്യമാണെന്നും നേരത്തെ സബ്ജക്ട് കമ്മിറ്റി കൂടിയ സന്ദർഭത്തിൽ ഉണ്ടായിരുന്ന 106 സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തി ലാഭകരമല്ലാത്ത മെഡിക്കൽ സ്റ്റോറുകൾ പൂട്ടണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 11 മെഡിക്കൽ സ്റ്റോറുകൾ ലാഭകരമല്ലെന്ന് മനസ്സിലാക്കി പ്രസ്തുത മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആറുമാസത്തെ സമയം അനുവദിച്ച കൊടുത്തിട്ടും പ്രവർത്തനം മെച്ചപ്പെടുത്താത്തതിനാലാണ് അവ അടച്ചു പൂട്ടാൻ സപ്ലൈകോ നിർബന്ധിതമായതെന്നും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി അറിയിച്ചു. ആളുകൾക്ക് എളുപ്പത്തിൽ പോയി മരുന്നുവാങ്ങാൻ കഴിയുന്ന വിധത്തിലുള്ള സ്ഥലത്തായിരുന്നില്ല അടച്ചുപൂട്ടിയ മെഡിക്കൽ സ്റ്റോറുകൾ സ്ഥിതി ചെയ്തിരുന്നതെന്നും മെഡിക്കൽ കോളേജുകളോ താലൂക്ക് ആശുപത്രികളോ ജില്ലാ ആശുപത്രികളോ സ്ഥിതി ചെയ്യുന്ന പ്രദേശം പോലുള്ള നല്ല സ്ഥലം കിട്ടുകയാണെങ്കിൽ അവിടെ മെഡിക്കൽ സ്റ്റോർ തുടങ്ങാമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ഫ്രാഞ്ചൈസി കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ടെന്നും വകുപ്പുമന്ത്രി കൂട്ടിച്ചേർത്തു.

കോവിഡ് 19-വ്യാപിച്ചിരിക്കുന്നതിനാൽ മെഡിക്കൽ ഷോപ്പുകളിൽ വൻതിരക്കാണെന്നും മെഡിക്കൽ സ്റ്റോറുകൾ അടച്ചു പൂട്ടുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നും മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടാൻ തീരുമാനിക്കുന്നത് സ്വകാര്യമേഖലയെ സഹായിക്കാനാണോയെന്ന തോന്നലുണ്ടാക്കാൻ സാധ്യതയുണ്ടെന്നും അതിനാൽ അവ അടച്ചുപൂട്ടാതെ തുറന്ന് പ്രവർത്തിക്കുന്നതായിരിക്കും നല്ലതെന്നും സമിതിയിൽ അഭിപ്രായമുണ്ടായി.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലെ നിലവിലെ ജീവനക്കാരെ സംബന്ധിക്കുന്ന, ചോദ്യാവലിയിലെ ചോദ്യം നമ്പർ 3-ന് സപ്ലൈകോയുടെ 95 മെഡിക്കൽ സ്റ്റോറുകളിലായി മൊത്തം 224 ഫാർമസിസ്റ്റുകളാണുള്ളതെന്നും ഫാർമസിസ്റ്റുകളുടെ ജില്ല തിരിച്ചുള്ള കണക്കും ഓരോ മെഡിക്കൽ സ്റ്റോറുകൾ തിരിച്ചുള്ള കണക്കും സമിതിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ ജീവനക്കാരെ നിയമിക്കുന്ന രീതി, ഓരോ തസ്തികയിലും നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള 6-ാമത്തെ ചോദ്യത്തിനുള്ള മറുപടിയായി ഓരോ തസ്തികയിലെയും സേവന വേതന വ്യവസ്ഥകളെക്കുറിച്ചുള്ള വിശദമായ വിവരം സമിതിയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലെ ഓഫീസർ ഇൻ-ചാർജ്ജുമാർ ഷോപ്പ് മാനേജർമാർ എന്നാണ് അറിയപ്പെടുന്നതെന്നും അവരെ പി.എസ്.സി.വഴിയാണ് നിയമിക്കുന്നതെന്നും പി.എസ്.സി.യിൽ 54 വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത 43 പേർക്കും നിയമനം നൽകിയിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും 54 വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടും എന്തുകൊണ്ടാണ് എല്ലാവർക്കും അഡ്വൈസ് അയയ്ക്കാത്തതെന്നും, ബാക്കി 11 പേരെക്കൂടി നിയമിക്കാനുള്ള സാധ്യതയുണ്ടോയെന്നും പി.എസ്.സി.യോട് ആരായാൻ വകുപ്പു സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

ജില്ലാതലത്തിൽ മരുന്നുകൾ വാങ്ങുന്നതുകൊണ്ടാണ് ഈ സ്ഥാപനങ്ങൾ നന്നായി പ്രവർത്തിക്കാത്തതെന്നും സ്റ്റേറ്റ് ലെവലിൽ മരുന്നു വാങ്ങി വിതരണം ചെയ്യുന്നതിന് തീരുമാനമെടുത്താൽ വലിയ ലാഭം കിട്ടുന്നതോടൊപ്പം മരുന്ന് വിലകുറച്ച് കൊടുക്കാനും ലാഭകരമായി സ്ഥാപനം നടത്താനും കഴിയുമെന്നും അഭിപ്രായമുണ്ടായി. മന്ത്രിയുടെ നിർദ്ദേശപ്രകാരം സിവിൽസപ്ലൈസ് വകുപ്പ് സെക്രട്ടറിയും മെഡിക്കൽ ഡയറക്ടറും മറ്റുദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ഏറ്റവും നല്ല കമ്പനിയിൽനിന്ന് ഏറ്റവും നല്ല മരുന്ന് വാങ്ങാനും ജനങ്ങൾക്കാവശ്യമായ മരുന്നുകളേതൊക്കെയാണെന്ന് പരിശോധിക്കാനും തയ്യാറായാൽ 50-ഉം 60-ഉം ശതമാനം വിലകുറച്ച് കമ്പനികൾ മരുന്നുകൾ തരുമെന്നും അങ്ങനെ ചെയ്താൽ ജനങ്ങൾക്ക് വിലകുറച്ച് മരുന്നുകൾ കൊടുക്കാനും ലാഭകരമായി സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാനും കഴിയുമെന്ന് സമിതി വിലയിരുത്തി.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച് കഴിഞ്ഞ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ കടുത്ത വിമർശനങ്ങൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുതകൾ മനസ്സിലാക്കി ഇതുമായി ബന്ധപ്പെട്ട് ഹെഡ് ഓഫീസ് തലത്തിലും മേഖല തിരിച്ചും മീറ്റിംഗുകൾ വിളിക്കുകയും ചെയ്തതിന്റെ ഫലമായി മരുന്നുകൾ സെൻട്രൽ

പർച്ചേസ് ചെയ്യുന്നുണ്ടെന്നും ലോക്കലായി വേണ്ടിടത്ത് ലോക്കൽ പർച്ചേസ് നടത്താനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും മെഡിക്കൽ സ്റ്റോറുകളിൽ ഒരു ഉപഭോക്താവ് ഡോക്ടറുടെ കുറിപ്പുമായി വന്നാൽ ലോക്കലായിട്ടെഴുതുന്ന മരുന്ന് ലഭ്യമാക്കാനുള്ള സാഹചര്യം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അങ്ങനെ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം നല്ല രീതിയിൽ കൊണ്ടുപോകാൻ സാധിക്കുമെന്നും സമിതി വ്യക്തമാക്കി.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന ചോദ്യാവലിയിലെ 8-ാമത്തെ ചോദ്യത്തിനുള്ള മറുപടിയായി മൊത്തം 95 സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ 27 എണ്ണമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും അതിന്റെ വിശദമായ കണക്ക് സമിതിയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളെ ലാഭത്തിലാക്കാൻ ഏതെങ്കിലും വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മിനിമം 3.5 ലക്ഷം രൂപയെങ്കിലും വിറ്റുവരവുണ്ടാകണമെന്നാണ് അടിസ്ഥാന മാനദണ്ഡമെന്നും അടച്ചുപൂട്ടിയ മെഡിക്കൽ സ്റ്റോറുകളിലെല്ലാം ഒരു ലക്ഷം രൂപയ്ക്ക് താഴെയാണ് വിറ്റുവരവെന്നും ആറ് മാസം സമയം കൊടുത്തിട്ടും ഒരു ലക്ഷത്തിൽ കൂടുതൽ വിറ്റുവരവ് നടത്താൻ പ്രസ്തുത സ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ലെന്നും ബിസിനസ്സ് സാധ്യതയില്ലാത്ത സ്ഥലത്ത് പല സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളും പ്രവർത്തിക്കുന്നതാണ് അതിന് കാരണമെന്നും ആയതിനാൽ പല സ്ഥലങ്ങളിലെയും മെഡിക്കൽ സ്റ്റോറുകൾ പുനഃസ്ഥാപിക്കുന്നതിന് ശ്രമിക്കുന്നുണ്ടെന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി. ബിസിനസ്സിൽ ഒരിക്കലും പുരോഗതി കൈവരിക്കാത്ത മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനങ്ങളാണ് അവസാനിപ്പിച്ചതെന്നും ബിസിനസ്സിന് അനുയോജ്യമായ സ്ഥലങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ എന്തുചെയ്യുമെന്ന ചോദ്യാവലിയിലെ 9-ാം നമ്പർ ചോദ്യത്തിന്മേൽ കാലാവധി തീരുന്നതിന് ആറ് മാസം മുമ്പ് ഷെൽഫ് ലൈഫ് അനുസരിച്ച് പർച്ചേസ് റിട്ടേണായി കമ്പനിയ്ക്ക് തിരികെ നൽകുകയാണ് ചെയ്യുന്നതെന്ന് വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

2016 മേയ് മാസത്തിനുശേഷം പ്രവർത്തനാനുമതി നൽകിയ 4 മെഡിക്കൽ സ്റ്റോറുകളിൽ പാരിപ്പള്ളി ഒഴികെ മറ്റ് മൂന്ന് മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചോ എന്ന 10-ാമത്തെ ചോദ്യത്തിനു മറുപടിയായി പാരിപ്പള്ളി മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം 2016 മേയ് മാസത്തിൽ ആരംഭിച്ചെന്നും മലപ്പുറം ജില്ലയിൽ കോട്ടയ്ക്കൽ, വയനാട് ജില്ലയിൽ സുൽത്താൻബത്തേരി, എറണാകുളം ജില്ലയിൽ ചിറ്റാറ്റുകര എന്നിവിടങ്ങളിൽ മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നും സുൽത്താൻബത്തേരിയിൽ മെഡിക്കൽ സ്റ്റോറിനായി മുനിസിപ്പാലിറ്റി അനുവദിച്ചു നൽകിയ കെട്ടിട മുറിയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടില്ലെന്നും തിരൂർ ഡിപ്പോയുടെ കീഴിലുള്ള കോട്ടയ്ക്കൽ മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി അനുവദിച്ച കെട്ടിട മുറി മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങുന്നതിനായി ലഭ്യമായിട്ടില്ലെന്നും ചിറ്റാറ്റുകര മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ലാഭകരമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന 12-ാമത്തെ ചോദ്യത്തിനുള്ള മറുപടിയായി നിലവിൽ മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന സ്ഥലത്ത് വിൽപ്പന സാധ്യത കുറവാണെങ്കിൽ കൂടുതൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി അവിടേയ്ക്ക് പ്രസ്തുത മെഡിക്കൽ സ്റ്റോർ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും തദ്ദേശവാസികൾക്ക് ആവശ്യാനുസരണം മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി റീജിയണൽ മാനേജരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻസ്പെക്ഷൻ ടീമിനെ നിയോഗിക്കുകയും അവർ പരിശോധന നടത്തി മരുന്നുകൾ ആളുകൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് വകുപ്പുസെക്രട്ടറി അറിയിച്ചു. കൂടാതെ ബി. പി. എൽ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് MRP വിലയുടെ 25% ഡിസ്ക്കൗണ്ട് നൽകുന്നതും ഇൻസുലിൻ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട മരുന്നുകൾക്ക് ഡിസ്ക്കൗണ്ട് നൽകുന്നതുമായ ബോർഡ് പ്രദർശിപ്പിട്ടുണ്ടെന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി സഹകരിച്ച് കുറഞ്ഞവിലയ്ക്ക് മരുന്നുകൾ സംഭരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും വില പുനർനിർണ്ണയിക്കുന്നതിനായി ഹെഡ് ഓഫീസ് തലത്തിൽ സെൻട്രലൈസ്ഡ് പർച്ചേസ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടെന്നും വകുപ്പു സെക്രട്ടറി കൂട്ടിച്ചേർത്തു.

മെഡിക്കൽ സ്റ്റോറിന്റെ ചുറ്റുവട്ടത്തുള്ള ഡോക്ടർമാർ എഴുതുന്ന മരുന്നുകൾ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമല്ലെങ്കിൽ തൊട്ടടുത്തുള്ള സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് ജനങ്ങൾ പോകുന്നത് സ്വാഭാവികമാണെന്നും മെഡിക്കൽ സ്റ്റോറുകൾ ഷിഫ്റ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നത് നല്ല കാര്യമാണെന്നും സിവിൽ സപ്ലൈസ് പൊതുവേ എല്ലാ മേഖലയിലും ചുരുങ്ങിയ വിലയ്ക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതു പോലെ മരുന്നിന്റെ കാര്യത്തിലും അത് വ്യാപകമാക്കേണ്ടതിനെക്കുറിച്ച് ആലോചിക്കണമെന്നും മരുന്ന് വിൽപ്പനയിൽ വലിയ ചൂഷണം നടന്നുവരുന്നതിനാൽ, ആ മേഖലയിൽ ഇടപെടാൻ കഴിയുന്ന ഒരു ഏജൻസി എന്ന നിലയിൽ സപ്ലൈകോയെ ലാഭകരമാക്കിക്കൊണ്ട് പോകാൻ നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് എം. എൽ. എ.മാരുടെ സഹായസഹകരണം ഉണ്ടാകുമെന്നും സപ്ലൈകോ ഉദ്യോഗസ്ഥർ അതിനായി ബന്ധപ്പെട്ടാൽ മതിയാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രാദേശിക ആശുപത്രികളിൽ നിർദ്ദേശിക്കുന്ന മരുന്നുകളെ സംബന്ധിച്ച് മനസ്സിലാക്കുന്നതിനും അവയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചോദ്യം നമ്പർ 13-നുള്ള മറുപടിയായി പ്രാദേശിക ആശുപത്രികളിൽ ഏതെല്ലാം മരുന്നുകളാണ് ഡോക്ടർമാർ നിർദ്ദേശിക്കുന്നതെന്ന് അറിയുന്നതിനുവേണ്ടി ഡയറക്ഷൻ നൽകിയിരുന്നുവെന്നും ആശുപത്രി കോമ്പൗണ്ടിലോ പരിസരത്തോ സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുവേണ്ടി സ്ഥലം ലഭിക്കുമോയെന്ന് വകുപ്പ് പരിശോധിക്കുന്നുണ്ടെന്നും വകുപ്പുസെക്രട്ടറി അറിയിച്ചു. പ്രാദേശികമായി നിർദ്ദേശിക്കുന്ന മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി മരുന്നുകൾ പ്രാദേശിക വിതരണക്കാരിൽനിന്നും ലഭ്യമാക്കി വിതരണം ഉറപ്പുവരുത്തുന്നതിനും താലൂക്ക് തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനുമായി ജില്ല/താലൂക്ക് ഡിപ്പോകളോടനുബന്ധിച്ച് സംവിധാനം അനുവദിച്ചിട്ടുണ്ടെന്ന് വകുപ്പിൽ നിന്ന് ലഭിച്ച മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത സംവിധാനം എന്തെന്ന് വിശദീകരിക്കാമോ എന്ന് ആവശ്യപ്പെട്ടതിന് സപ്ലൈകോയുടെ പുതിയ മെഡിക്കൽ സ്റ്റോറുകൾ ആശുപത്രി കോമ്പൗണ്ടിനുള്ളിൽ തന്നെ സ്ഥാപിക്കുന്നതിനുള്ള സാധ്യത വകുപ്പ് പരിശോധിക്കുന്നുണ്ടെന്നും അതിനായി ആശുപത്രി കോമ്പൗണ്ടിനുള്ളിൽ സ്ഥലം ലഭ്യമാക്കണമെന്നതാണാവശ്യമെന്നും അതുവഴി ഡോക്ടർമാരുമായി കോണ്ടാക്ട് ഉണ്ടാകുമെന്നും വകുപ്പുസെക്രട്ടറി മറുപടി നൽകി.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലെ വിലനിലവാരം ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച 14-ാമത്തെ ചോദ്യത്തിന്മേൽ ബി. പി. എൽ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് MRP വിലയുടെ 25% ഡിസ്ക്കൗണ്ട് നൽകുകയും ഇൻസുലിൻ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട മരുന്നുകൾക്ക് ഡിസ്ക്കൗണ്ട് നൽകുന്നതുമാണെന്ന ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടെന്നും കൂടാതെ ജനങ്ങളുടെ അറിവിലേയ്ക്കായി പ്രാദേശിക തലത്തിൽ നോട്ടീസുകൾ വിതരണം നടത്തിയിട്ടുണ്ടെന്നും വകുപ്പു സെക്രട്ടറി വ്യക്തമാക്കി.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ഫാർമസിസ്റ്റുകളുടെ സ്ഥിരം നിയമനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച 18-ാം നമ്പർ ചോദ്യത്തിന്മേൽ സാംഗ്ഷൻഡ് പോസ്റ്റുകളിലെ വേക്കൻസികളെല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിലേയ്ക്ക് 43 പേർക്ക് പി.എസ്.സി. അഡ്വൈസ് ചെയ്തുവെന്നും ബാക്കി പോസ്റ്റിംഗിനെക്കുറിച്ചുള്ള വിവരം സമിതി നിർദ്ദേശ പ്രകാരം ഉടൻ തന്നെ പി.എസ്.സി.യോട് ആവശ്യ പ്പെടുന്നതാണെന്നും വകുപ്പുസെക്രട്ടറി അറിയിച്ചു.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന 19-ാമത്തെ ചോദ്യത്തിന് മറുപടിയായി ആശുപത്രികളോട് ചേർന്ന് സ്ഥലം ലഭിച്ചാൽ മെഡിക്കൽ സ്റ്റോറുകൾ റീലൊക്കേറ്റ് ചെയ്യാമെന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നതെന്ന് വകുപ്പു സെക്രട്ടറി വ്യക്തമാക്കി.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ നേരിട്ട് സന്ദർശിക്കണമെന്ന പ്രൊപ്പോസൽ മുൻ സമിതി യോഗത്തിൽ വച്ചിട്ടുണ്ടായിരുന്നുവെങ്കിലും കോവിഡ് 19 വ്യാപിക്കുന്ന പശ്ചാത്തലത്തിൽ അത് പ്രായോഗികമല്ലാത്തതിനാൽ ഇന്നത്തെ യോഗത്തിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യം സമിതി വിഭാഗത്തിന്റെ അഡീഷണൽ സെക്രട്ടറി ആരായുകയും ബഹു. സമിതി ചെയർമാൻ അത് അംഗീകരിക്കുകയും ചെയ്തു.

II 2018-19 സാമ്പത്തികവർഷത്തെ ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 43/സബ്.സി.ജി1/2019/നി.സെ.)

സമിതി യോഗം ഉച്ചയ്ക്കുശേഷം 12.40-ന് പിരിഞ്ഞു.

## 20-1-2021-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2021 ജനുവരി 20-ാം തീയതി ബുധനാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 4.45-ന് നിയമസഭാ മന്ദിരത്തിലെ 717-ാം നമ്പർ സമ്മേളനഹാളിൽ സമിതി ചെയർമാൻ, ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

1. ശ്രീ. അബ്ദുൾ ഹമീദ്. പി. എം.എൽ.എ.

2. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

3. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

2. ശ്രീമതി രാജേശ്വരി ആർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്

2. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്

3. ശ്രീമതി ഹരിത വി. കുമാർ, ഡയറക്ടർ, സിവിൽ സപ്ലൈസ്

4. ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണം

5. ശ്രീ. ആർ. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

സമിതി സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച കരട് റിപ്പോർട്ട്, കരട് ചട്ടം, എസ്.ആർ.ഒ. സാധൂകരണം, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശ കളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, 2019-20-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. കേരള സഹകരണ സബോർഡിനേറ്റ് ചട്ടം 1962 പരിഷ്കരിക്കുന്നത് സംബന്ധിച്ച കരട് ചട്ടം

(ഫയൽ നമ്പർ 4434/സബ്.സി.ജി1/2020/നി.സെ.)

പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. സഹകരണ സംഘങ്ങളിലെ പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ പ്രായം 70 വയസ്സാക്കി നിജപ്പെടുത്തിയ ഭേദഗതി വിജ്ഞാപനം- എസ്.ആർ.ഒ. നമ്പർ 525/2020

(ഫയൽ നമ്പർ4003/സബ്.സി.ജി1/2020/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ. സമിതി സാധൂകരിച്ചു.

III. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1686/സബ്.സി.ജി1/2020/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 25, 27 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

IV. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3357/സബ്.സി.ജി1/2019/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 24-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ തുടർനടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

V. 2019-20 സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നമ്പർ 88/സബ്.സി.ജി1/2020/നി.സെ.)

പ്രസ്തുത വാർഷിക റിപ്പോർട്ട് കാലതാമസപത്രിക സഹിതം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

VI. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച കരട് റിപ്പോർട്ട്

(ഫയൽ നമ്പർ 2521/സബ്.സി.ജി1/2017/നി.സെ.)

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 4.55-ന് പിരിഞ്ഞു.

# 25-2-2021-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI, 2021 ഫെബ്രുവരി 25-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 110-ാം നമ്പർ സമ്മേളന ഹാളിൽ ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ സമിതി ചെയർമാൻ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും സമിതി അംഗം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം..എൽ..എ.യും ഗൂഗിൾ മീറ്റ് മുഖേനയും ശ്രീ. പി. സി. ജോർജ്, എം. എൽ. എ. നേരിട്ടും പങ്കെടുത്തു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി രാജേശ്വരി ആർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ് (ഗൂഗിൾ മീറ്റ് മുഖേന)
2. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പ് (ഗൂഗിൾ മീറ്റ് മുഖേന)
3. ശ്രീ. ബി. എസ്, മണിലാൽ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് (ഗൂഗിൾ മീറ്റ് മുഖേന)
4. ശ്രീ. ജി. ഗിരീഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, നിയമവകുപ്പ് (നേരിട്ട്).

സമിതി 2019-20, 2020-21 എന്നീ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, എസ്.ആർ.ഒ.കൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

<u>I. എസ്. ആർ. ഒ.കളുടെ സാധൂകരണം</u>

(1) സഹകരണ സർവ്വീസ് പരീക്ഷാബോർഡ് ഭേദഗതി സംബന്ധിച്ച എസ്.ആർ.ഒ. വിജ്ഞാപനം എസ്.ആർ.ഒ. നമ്പർ 633/2020.

(ഫയൽ നമ്പർ 4879/സബ്.സി.ജി1/2020/നി.സെ.)

കേരള സഹകരണ സംഘം ചട്ടം 182 (4) (iii)-ൽ നിലനിൽക്കുന്ന അനിശ്ചിതത്വം

ഒഴിവാക്കി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ യോഗ്യതാ ലിസ്റ്റ് അനുപാതം 1:10 എന്നത് 1:15 ആയി ഉയർത്തുന്നതിനും സഹകരണ വകുപ്പിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾ സുതാര്യമാക്കുന്നതിനും വേണ്ടിയാണ് സഹകരണ ചട്ടം വകുപ്പ് 182 (4) (vii) (viii)-ലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും അടിയന്തര സാഹചര്യമായിരുന്നതിനാൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങാൻ കഴിഞ്ഞില്ലെന്നും ആയതിനാലാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 238-ലെ ആദ്യ പ്രൊവൈസോയുടെ അടിസ്ഥാനത്തിൽ സർക്കാർ ചെയ്ത നടപടി പരിഗണിച്ച് എസ്. ആർ. ഒ. സാധൂകരണത്തിനായി സമർപ്പിച്ചതെന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

സഹകരണ ബോർഡ് 100 മാർക്കിന് നടത്തിയിരുന്ന പരീക്ഷകളുടെ മാർക്ക് ഇപ്പോൾ 95 ആക്കിയിരിക്കുകയാണെന്നും ഇന്റർവ്യൂവിന് നൽകിയിരുന്ന 20 മാർക്ക് ഇപ്പോൾ 15 ആയി കുറച്ചിരിക്കുകയാണെന്നും ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് 5 മാർക്ക് കുറവുചെയ്തിരിക്കുന്നതെന്നും കുറവ് വരുത്തിയിട്ടുള്ള 5 മാർക്ക് തിരികെ നൽകി ഇന്റർവ്യൂവിന് 20 മാർക്ക് എന്നുള്ള പഴയ രീതി പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കണമെന്നും സമിതിയംഗം അഭിപ്രായപ്പെട്ടപ്പോൾ എഴുത്തു പരീക്ഷയ്ക്ക് 80-ഉം ഇന്റർവ്യൂവിന് 20 മാർക്കും ചേർത്ത് ആകെ 100 മാർക്കിന്റെ പരീക്ഷയായിരുന്ന സഹകരണ സംഘങ്ങളിലെ നിയമനങ്ങൾക്ക് നടത്തിയിരുന്നതെന്നും ഇന്റർവ്യൂവിന് 15-ഉം ജില്ലാ വെയിറ്റേജ് 5 മാർക്കും നിശ്ചയിച്ച് ഇന്റേണൽ ബൈഫർക്കേഷൻ വയ്ക്കുകയായിരുന്നുവെന്നും എന്നാൽ സഹകരണ സംഘങ്ങളിലെ നിയമനത്തിന് എല്ലാ ജില്ലകളിലേക്കും എല്ലാവർക്കും അപേക്ഷിക്കാൻ കഴിയുന്ന ക്ലോസ് ഉള്ളതിനാൽ ജില്ലാ വെയിറ്റേജ് ഒഴിവാക്കണമെന്ന് നിർദ്ദേശിച്ച് ഒരാഴ്ച മുമ്പ് ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയുണ്ടായി. വിധി പകർപ്പ് ലഭിച്ചാലുടൻ സർക്കാർ നിർദ്ദേശമനുസരിച്ച് തുടർനടപടി സ്വീകരിക്കാമെന്നും സെക്രട്ടറി വ്യക്തമാക്കി.

പ്രസ്തുത എസ്. ആർ. ഒ. വിജ്ഞാപനം സമിതി സാധൂകരിച്ചു.

(2) സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന നിക്ഷേപ വായ്പാ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും സ്ഥാനക്കയറ്റം ചട്ടം ഭേദഗതി സംബന്ധിച്ച എസ്. ആർ. ഒ. വിജ്ഞാപനം - എസ്. ആർ. ഒ. നമ്പർ 630/2020.

(ഫയൽ നമ്പർ 4880/സബ്.സി.ജി1/2020/നി.സെ.)

സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന നിക്ഷേപവായ്പാ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും സ്ഥാനക്കയറ്റം സംബന്ധിച്ച് നിലനിന്നിരുന്ന വിവിധ കേസുകളുടെ വിധിന്യായത്തിൽ സഹകരണ നിയമത്തിലോ ചട്ടത്തിലോ വ്യക്തമായ വ്യവസ്ഥയില്ലാതെ ടിയാളുകൾക്ക് 25 ശതമാനം സംവരണം അനുവദിച്ച് ഉത്തരവായതിനെക്കുറിച്ച് പരാമർശിക്കുകയും ഇക്കാര്യത്തിൽ വ്യക്തതവരുത്തി തുടർനടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തിരുന്നതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനു വേണ്ടിയാണ് സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം വാങ്ങാതെ അടിയന്തരമായി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും സഹകരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം സമിതി സാധൂകരിച്ചു.

II. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 1 മുതൽ 21 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സഹകരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും സമിതി അംഗീകരിച്ചു..

(ഫയൽ നമ്പർ 3357/സബ്.സി.ജി1/2019/നി.സെ.)

III. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 31-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 1686/സബ്.സി.ജി1/2020/നി.സെ.)

യോഗം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് പിരിഞ്ഞു.